**കണ്ണൂർ സർവ്വകലാശാല**
**(സിംഗിൾ വിൻഡോ )**

SWC/SWC IV/9546/2024 കണ്ണൂർ,തീയതി: 20.07.2024

**<u>പ്രസിദ്ധീകരണത്തിന്</u>**

<u>അഫിലിയേറ്റഡ് കോളേജുകളിലെ പി. ജി പ്രോഗ്രാമുകളുടെ പ്രവേശനത്തിന്റെ ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു</u>

2024 -25 അധ്യയന വർഷത്തെ അഫിലിയേറ്റഡ് കോളേജുകളിലെ പി.ജി. പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന്റെ ഒന്നാം അലോട്ട്മെന്റ് സർവകലാശാല വെബ്സൈറ്റിൽ (https://admission.kannuruniversity.ac.in/) പ്രസിദ്ധീകരിച്ചിട്ടുണ്ട്. അപേക്ഷകർ തങ്ങളുടെ പ്രൊഫൈൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ **24.07.2024** നകം അഡ്മിഷൻ ഫീസ് ഓൺലൈനായി (പ്രൊഫൈലിൽ കാണുന്ന 'Pay fees' ബട്ടണിൽ ക്ലിക്ക് ചെയ്ത് SBI epay വഴി) നിർബന്ധമായും അടയ്ക്കേണ്ടതാണ്. മറ്റു രീതികളിൽ ഫീസ് അടച്ചാൽ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. ലഭിച്ച അലോട്ടമെൻറ് തൃപ്തികരമാണെങ്കിൽ, 24.07.2024 നകം ഹയർ ഓപ്ഷൻ റദ്ദ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം അടുത്ത അലോട്ട്മെൻറിൽ ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ നിർബന്ധമായും സ്വീകരിക്കേണ്ടി വരും. അടുത്ത അലോട്ട്മെൻറിൽ ലോവർ ഓപ്ഷൻ പരിഗണിക്കുന്നതല്ല. രണ്ടാമത്തെ അലോട്ട്മെൻറിനു ശേഷം കോളേജുകളിൽ പ്രവേശനത്തിനായി ഹാജരാവേണ്ടതാണ്. പ്രവേശനം നേടുന്നവർക്ക് ABC ID (Academic Bank of Credits ID) ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത ഐ.ഡി. ഇല്ലാത്തവർ www.abc.gov.in വെബ്സൈറ്റ് വഴി ഐ.ഡി. ജനറേറ്റ് ചെയ്യേണ്ടതാണ്.

രണ്ടാമത്തെ അലോട്ട്മെൻറ് 26.07.2024 ന് നടക്കും.

അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 980/- രൂപയും എസ്.സി/എസ്.ടി വിഭാഗത്തിന് 910/- രൂപയുമാണ്.

**ഫീസ് ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുകയും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താവുകയും ചെയ്യും.**

കൂടുതൽ വിവരങ്ങൾക്ക് https://admission.kannuruniversity.ac.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക.
ഹെൽപ്പ് ലൈൻ നമ്പറുകൾ : 0497-2715261, 0497-2715284, 7356948230
E-mail id: pgsws@kannuruniv.ac.in

*ഒപ്പ്/-*
ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാഡമിക്)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. PRO
2. Web Manager
3. IT Centre
4. Enquiry